(ബി) അതിനുവേണ്ടി ഇതുവരെ 6766.65 ലക്ഷം രൂപ സഹായ ധനമായി നൽകിയിട്ടുണ്ട്.

(സി) ഈ വർഷം ഈ പദ്ധതിപ്രകാരം 30,000 കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സഹായം നൽകാൻ ഉദ്ദേശിക്കുന്നു.

സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജന

120 [302] *ശ്രീ. എം. മുരളി:*

,, *ബി. വിജയകുമാർ:*

പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജനയനുസരിച്ച് സ്വയം സഹായ സംഘങ്ങൾക്കും സ്വയംതൊഴിൽ സംരംഭകർക്കും പരിശീലനം നൽകുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക് ;

(ബി) അതിനുവേണ്ടി എന്ത് തുക മാറ്റിവച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. 10,000 പേർക്ക് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നു.

(ബി) സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജനയുടെ കേന്ദ്ര സംസ്ഥാന വിഹിതത്തിൽ നിന്നാണ് പരിശീലന ചെലവുകൾ വഹിക്കുന്നത്. ഇതിൽ നിന്ന് 5 കോടി രൂപ വരെ ഇതിന് ചെലവഴിക്കാവുന്നതാണ്.

പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി

121 [303] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിൽ ആകെ എത്ര റോഡുകളുടെ നിർമ്മാണമാണ് ഏറ്റെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) അവയിൽ എത്ര റോഡുകൾ നിർമ്മിച്ച് കഴിഞ്ഞു എന്നും ഇനി എത്ര റോഡുകൾ നിർമ്മിക്കാനുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) അതിയന്നൂർ ബ്ലോക്ക് അതിർത്തിയിൽ എത്ര റോഡുകളുടെ നിർമ്മാണമാണ് പ്രസ്തുത പദ്ധതി അനുസരിച്ച് ഏറ്റെടുത്തത് എന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അവ ഏതെല്ലാം എന്നും, അവയിൽ എത്ര റോഡിന്റെ നിർമ്മാണം പൂർത്തിയായി എന്നും ഇനി എത്രയെണ്ണത്തിന്റെ നിർമ്മാണം പൂർത്തിയാകാനുണ്ട് എന്നും വ്യക്തമാക്കുമോ;

(ഇ) നിർമ്മാണം പൂർത്തിയായതും പൂർത്തിയാകാനുള്ളതും ഏതൊക്കെ റോഡുകളാണെന്ന വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാറശ്ശാല ബ്ലോക്ക് അതിർത്തിയിൽപ്പെടുന്ന റോഡുകളുടെ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 366 റോഡുകളുടെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്.

(ബി) 162 റോഡുകൾ നിർമ്മിച്ചുകഴിഞ്ഞു 198 റോഡുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 6 റോഡുകൾ ആവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ ഉപേക്ഷിക്കേണ്ടിവന്നു.

(സി) & (ഡി) അതിയന്നൂർ ബ്ലോക്കിൽ താഴെ പറയുന്ന 6 റോഡുകളുടെ പണി ഏറ്റെടുത്തിട്ടുണ്ട്.

(1) നെല്ലിവിള-നെടിഞ്ചൽ റോഡ്

(2) വെൺപകൽ LPGS മണലി റോഡ്

(3) പോങ്ങുവിള മാടൻവിള റോഡ്

(4) കിണറ്റടി മയിലാടും കുളം റോഡ്

(5) ഇരുവ പെരിങ്ങമ്മല റോഡ്

(6) ഇടത്തേക്കോണം എസ്. എൻ. റോഡ് ഈ റോഡുകളുടെ പണിപൂർത്തിയാക്കിയിട്ടുണ്ട്.

(ഇ) മേൽപ്പറഞ്ഞ ആറുറോഡുകളുടെയും പണി പൂർത്തിയാക്കിയിട്ടുണ്ട്.

(എഫ്) പാറശ്ശാല ബ്ലോക്കിൽ 8 റോഡുകൾക്ക് അംഗീകാരം ലഭിക്കുകയുണ്ടായി. ഇവയിൽ പേരവിള മരംചുറ്റി റോഡുനിർമ്മാണത്തിന് സ്ഥലം ലഭിക്കാത്തതു

LIBRARY ARCHIVES Kerala Legislative Assembly

കാരണം പണി ഉപേക്ഷിച്ചു. ബാക്കി റോഡുകളുടെ പണിപൂർത്തീകരിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർത്തിരിക്കുന്നു:

(1) അമ്പാടി തട്ടയോടി കാട്ടുവിള മുനിവർത്തോട്ടം റോഡ് പാറശ്ശാല ഗ്രാമ പഞ്ചായത്ത്

(2) ആറ്റുപുറം ചേലാക്കരറോഡ്—കുളത്തൂർ ഗ്രാമ പഞ്ചായത്ത്

(3) കോടകം വലിയകുളം റോഡ്—ചെങ്കൽ ഗ്രാമ പഞ്ചായത്ത്

(4) കൊഴിഞ്ഞാവിള വള്ളമുട്ടം റോഡ്—കാരോട് ഗ്രാമ പഞ്ചായത്ത്

(5) പാവൂർ കാക്കാതോട്ടം റോഡ്—പൂവാർ ഗ്രാമ പഞ്ചായത്ത്

(6) നെല്ലൂർവട്ടം വാറുവിള ഉനടുപോക്കിരി ഈഴാത്തിവിള റോഡ് കുളത്തൂർ ഗ്രാമ പഞ്ചായത്ത്.

(7) പുഴിക്കുന്ന് ഈഞ്ചിക്കൽ വെള്ളാർക്കുളം റോഡ് ചെങ്കൽ ഗ്രാമ പഞ്ചായത്ത്.

വെളിയനാട് ബ്ലോക്കിന്റെ ഗ്രാമ സഡക്യോജന പദ്ധതി

122 [304] *ഡോ. കെ. സി. ജോസഫ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ വെളിയനാട് ബ്ലോക്ക്, പ്രധാനമന്ത്രിയുടെ ഗ്രാമ സഡക്യോജന പദ്ധതിയിലേക്ക് പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഈ പ്രോജക്ട് കേന്ദ്ര ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുണ്ടോ എന്നും ഇതിന് അനുമതി ലഭിച്ചോ എന്നും വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ വെളിയനാട് ബ്ലോക്കിന്റെ പ്രോജക്ടിന് അനുമതിയും അംഗീകാരവും നേടിയെടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പ്രോജക്ട് 'ഓൺ ലൈൻ' ആയി കേന്ദ്ര ഗവൺമെന്റിന്റെ പി. എം. ജി. എസ്. വൈ. വെബ്സൈറ്റിൽ പ്രൊപ്പോസൽ ആയി നൽകിയിട്ടുണ്ട്. കേന്ദ്ര അനുമതി ലഭിച്ചിട്ടില്ല.

(സി) ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly